# പത്രക്കുറിപ്പ്

ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ (കാറ്റഗറി നമ്പർ. 456/16), വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ (കാറ്റഗറി നമ്പർ. 457/16) തസ്തികകളുടെ ശാരീരിക അളവെടുപ്പിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ കായികക്ഷമതാ പരീക്ഷ 2019 നവംബർ 26 മുതൽ ഡിസംബർ 20 വരെയുള്ള തീയതികളിലായി കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. ഉദ്യോഗാർത്ഥികൾക്കായുള്ള അഡ്മിഷൻ ടിക്കറ്റ് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുകയും, രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ മെസ്സേജ് നൽകുകയും ചെയ്തിട്ടുണ്ട്. അഡ്മിഷൻ ടിക്കറ്റും, ഒരു അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ അസ്സലും സഹിതം ഉദ്യോഗാർത്ഥികൾ നിശ്ചിത തീയതിയിൽ നിശ്ചിത സ്ഥലത്ത് കായികക്ഷമതാ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. നിശ്ചിത തീയതിയിലും സമയത്തും ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് ഒരു സാഹചര്യത്തിലും പുനരവസരം നൽകുന്നതല്ല.

ശാരീരിക അളവെടുപ്പിൽ യോഗ്യത നേടിയതും എന്നാൽ നാളിതു വരെ കായികക്ഷമതാ പരീക്ഷയ്ക്കുള്ള അഡ്മിഷൻ ടിക്കറ്റ്/മെസ്സേജ് (പ്രൊഫൈൽ/മൊബൈൽ) ലഭ്യമാകാത്ത ഉദ്യോഗാർത്ഥികൾ കെ.പി.എസ്.സി. യുടെ കൊല്ലം മേഖലാ ആഫീസുമായി ബന്ധപ്പെടേണ്ട താണ്.